**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 30/11/2019
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

## സർക്കുലർ നം. 7/2019

## എക്സൈസ് വകുപ്പിലെ വാഹനങ്ങൾ പരിപാലിക്കുന്നതിനുള്ള പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ എക്സൈസ് ഡിവിഷൻ ഓഫീസുകളിലെയും മാനേജർമാരെ അതതു ഡിവിഷനിലെ വകുപ്പുതല വാഹനങ്ങളുടെ പരിശോധന അധികാരിയായി ചുമതലപ്പെടുത്തുന്നു.
2. ഓരോ ഡിവിഷനിലേയും എല്ലാ വകുപ്പുതല വാഹനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ (ഇലക്ട്രോണിക്സ്/ ഫിസിക്കൽ) പരിപാലിക്കേണ്ടതാണ്.

**മാതൃക**

| ഡിവിഷൻ : | | | | | |
|---|---|---|---|---|---|
| ഓഫീസ് | ക്രമ നം. | രജി.നം. | വാഹന ഇനവും വർഷവും | വാഹനം ലഭിച്ച തീയതി | റിമാർക്സ് |
| EDO | | | | | |
| ECO | | | | | |
| ERO | | | | | |

3. ഓരോ മാസത്തേയും അവലോകനയോഗ ദിവസത്തിൽ വകുപ്പുതല വാഹനങ്ങൾ പരിശോധിക്കേണ്ടതാണ്.
4. ജോയിന്റ് എക്സൈസ് കമ്മീഷണർ/ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ/ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവർ അവരവരുടെ അധികാര പരിധിയിൽപ്പെട്ട കീഴ്ഓഫീസുകൾ സന്ദർശിക്കുന്ന അവസരത്തിൽ വകുപ്പുതല വാഹനങ്ങൾ നിരീക്ഷിച്ച് ടി വാഹനത്തിന്റെ വൃത്തി / പെയിന്റ്/ ഉൾഭാഗം/ ടയറുകളുടെ അവസ്ഥ എന്നിവ പരിശോധിച്ച് ന്യൂനതകൾ കാണുന്ന പക്ഷം വാഹന കൈവശ അധികാരിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
5. കൃത്യമായ ഇടവേളകളിൽ 'പീരിയോഡിക്കൽ മെയിന്റനൻസ്' നടത്തിയെന്ന് വകുപ്പുതല വാഹനങ്ങളുടെ കൈവശ അധികാരി ഉറപ്പ് വരുത്തേണ്ടതാണ്.
6. പുതുതായി അനുവദിച്ച വാഹനങ്ങൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതും , ടി വാഹനങ്ങൾക്ക് കമ്പനി നിർദ്ദേശിക്കുന്ന നിർബന്ധിത സർവീസുകൾ (വാറണ്ടി പീരിയേഡിൽ) വാറണ്ടി പാഴാക്കാതെ നടത്തേണ്ടതുമാണ്.
7. വകുപ്പുതല വാഹനങ്ങളുടെ അറ്റകുറ്റപണിക്ക് അപേക്ഷിക്കുമ്പോൾ എല്ലാ വിവരങ്ങളും, പ്രോഫോർമ ഉൾപ്പെടെ ഉൾപ്പെടുത്തിയെന്ന് ഉറപ്പ

വരുത്തേണ്ടതാണ്. അതിനായി ചെക്ക് ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്. (ചെക്ക് ലിസ്റ്റിന്റെയും, അനുബന്ധങ്ങളുടെയും മാതൃകകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു)

8. കണ്ടം ചെയ്ത വാഹനങ്ങൾ പരമാവധി വേഗത്തിൽ നിയമപരമായി തീർപ്പാക്കേണ്ടതാണ്.

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2019.11.30 16:26:08 IST
Reason: Approved

**S. AANANTHAKRISHNAN IPS**

**എക്സൈസ് കമ്മീഷണർ**

പകർപ്പ് :

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. മെക്കാനിക്കൽ എഞ്ചിനീയർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)